## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2742 - 19/07/2011-ലെ മറുപടിക്ക്

### ട്രഷറികളുടെ നവീകരണം

| | ചോദ്യം<br>ശ്രീമതി. അയിഷാപോറ്റി | ഉത്തരം<br>ബഹു: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം മാണി |
|---|---|---|
| (എ) | ട്രഷറികളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ട്രഷറികളുടെ നവീകരണത്തിന്റെ ഭാഗമായി ട്രഷറികളുടെ ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി 14.12.2009 ലെ ജി.ഒ.(എം.എസ്)നം.558/09/ധന ഉത്തരവു പ്രകാരം ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 50 ട്രഷറികൾ അപ്ഗ്രേഡ് ചെയ്യുന്നതിന്, 11.98 കോടിയുടെ ഭരണാനുമതി, 17.01.2011 ലെ ജി.ഒ(ആർ.റ്റി)നം.376/2011/ധന ഉത്തരവു പ്രകാരവും 31 ട്രഷറികൾക്ക് പുതിയ |
| (ബി) | നവീകരണ ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; | |

| | | |
|---|---|---|
| | | കെട്ടിടങ്ങൾ നിർമ്മിക്കുന്നത് 2378 ലക്ഷം രൂപയുടെ ഭരണാനുമതി 27.01.2011 ലെ ജി.ഒ(ആർ.റ്റി)നം.613/2011/ധന ഉത്തരവു പ്രകാരവും നൽകിയിട്ടുണ്ട്. തുടർനടപടികൾക്കായി വിശദമായ എസ്റ്റിമേറ്റ് നൽകുന്നതിന് ഇൻകെൽ-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ട്രഷറികളുടെ നവീകരണത്തിൻ്റെ ഭാഗമായി ഹാർഡ്‌വെയർ സംവിധാനം പരിഷ്ക്കരിക്കൽ, കോർബാങ്കിംഗ് സംവിധാനം, കോർ ഫിനാൻഷ്യൽ മാനേജ്മെൻ്റ് സിസ്റ്റം, മെച്ചപ്പെട്ട കണക്ടിവിറ്റി എന്നിവ നടപ്പിലാക്കുന്നതിനായി ഇൻ്റഗ്രേറ്റഡ് ട്രഷറി മാനേജ്മെൻ്റ് പദ്ധതി (ITMP) ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. |
| (സി) | ഓൺലൈൻ ട്രഷറി സംവിധാനത്തിൽ ഇലക്ട്രിസിറ്റി തകരാർ മൂലം ഗുണഭോക്താക്കൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | എല്ലാ ട്രഷറികളിലും ജനറേറ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; | നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**